# KUMMANAM
# ST. GEORGE CHURCH



**കോ**ട്ടയം ചെറിയപള്ളി ഇടവകക്കാരായിരുന്ന അയ്മനം, കുമ്മനം നിവാസികളുടെ ആവശ്യാർത്ഥം ചെറിയപള്ളി മാനേജിംഗ് കമ്മറ്റി, കുമ്മനം കുന്നത്തുമാലി പുരയിടത്തിൽ നിന്നും 30 സെന്റ് സ്ഥലം വാങ്ങി അവിടെ ഒരു സൺഡേസ്കൂൾ കെട്ടിടം പണിയുന്നതിന് തീരുമാനിച്ചു. എന്നാൽ സ്ഥലത്തെ വിശ്വാസികളുടെ ആഗ്രഹമനുസരിച്ച് 1965 മേയ് മാസം 21–ാം തീയതി മാർ ബസേലിയോസ് ഔഗേൻ കാതോലിക്കാ ബാവാ ദേവാലയത്തിന് കല്ലിട്ടു. ആ സമയത്ത് കല്ലിടുമ്പോൾ ഇത് സൺഡേസ്കൂൾ കെട്ടിടമല്ല, ഇതൊരു ചാപ്പലിനുവേണ്ടിയുള്ള ശിലാസ്ഥാപനമാണെന്ന് വിശ്വാസികളുടെ ആഗ്രഹമനുസരിച്ച് പ്രഖ്യാപിച്ചു. 1966 മേയ്മാസം 14–ാം തീയതി പ. കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ദേവാലയം കൂദാശ ചെയ്ത്, പ്രഥമ ദിവ്യബലി അർപ്പിച്ചു. 1977 ആഗസ്റ്റ് മാസം 15–ാം തീയതി പ്രസ്തുത ചാപ്പൽ ഇടവകപള്ളിയായി പ്രഖ്യാപിച്ചു.

ഈ ദേവാലയത്തിന്റെ ആരംഭകാലത്തെക്കുറിച്ച് പറയുമ്പോൾ ശ്രദ്ധേയമായ ഒരു സംഗതി, സഭ വിഘടിച്ചുനിന്ന കാലഘട്ടത്തിൽ അല്ല, സമാധാനത്തിന്റെ കാലഘട്ടത്തിൽ ആണ് ഇത് നിർമ്മിച്ചത്. അയ്മനം സെന്റ് ജോർജ്ജ് പള്ളി അചഞ്ചലമായ അന്ത്യോഖ്യാ വിശ്വാസത്തിന്റെയും അപരിമേയമായ ദൈവകൃപയുടെയും അക്ഷീണ പരിശ്രമത്തിന്റെയും പ്രതീകമാണ്.

കുമ്മനം സെന്റ് ജോർജ്ജ് പള്ളി കാതോലിക്കാ പക്ഷത്തുനിന്നും പൂട്ടിയതിൽ അന്ത്യോഖ്യാ വിശ്വാസികളായ ഇടവകക്കാരും സമീപ പള്ളികളിലെ ഇടവകക്കാരും ഖേദം പ്രകടിപ്പിക്കുവാൻ പള്ളി അങ്കണത്തിൽ കൂടിയ അവസരത്തിൽ കല്ലുങ്കത്ര സെന്റ് ജോർജ്ജ് യാക്കോബായ പള്ളി ഇടവകയിൽപ്പെട്ട അയ്മനം കദളിക്കാട്ടുമാലിയിലായ കുന്നപ്പള്ളിയിൽ ശ്രീ. ജോൺ ജോസഫ് ആരാധനയ്ക്കായി ചാപ്പൽ നിർമ്മിക്കുവാൻ 10 സെന്റ് സ്ഥലം നൽകാമെന്ന് വാഗ്ദാനം ചെയ്തു. തദവസരത്തിൽ ഈ ഇടവകയിൽപ്പെട്ട അയ്മനം മാളേക്കൽ ശ്രീ. എം.കെ. കുര്യൻ 10 സെന്റ് സ്ഥലവും വാഗ്ദാനം ചെയ്തു. ഇതേക്കുറിച്ച് ആലോചിക്കുകയും ഇടവക പ്രതിനിധികൾ നി.വ.ദി.ശ്രീ. ഡോ. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ അനുവാദത്തോടുകൂടി അന്ത്യോഖ്യാ വിശ്വാസികളുടെ സഹകരണത്തിൽ തെങ്ങിൻകൂട്ടുകൊണ്ട് ഓലമേഞ്ഞ താൽക്കാലിക ചാപ്പൽ നിർമ്മിക്കുകയും 1974 ആഗസ്റ്റ് മാസം 31–ാം തീയതി തിരുമേനി ചാപ്പൽ താൽക്കാലിക കൂദാശ ചെയ്യുകയും വി. കുർബ്ബാന അർപ്പിച്ച് അയ്മനം സെന്റ് ജോർജ്ജ് പുത്തൻ പള്ളി എന്ന പേരിൽ നാമകരണം ചെയ്ത് അന്നുമുതൽ ആരാധന നടത്തിവരികയും ചെയ്യുന്നു.

*Source: Kottayam Diocese Souvenir, 2007*